# ഗവ. വെൽഫയർ എൽ.പി.സ്കൂൾ

## കറുകച്ചാൽ

വിദ്യാഭ്യാസ ജില്ല - കാഞ്ഞിരപ്പള്ളി

വിദ്യാഭ്യാസ ഉപജില്ല - കറുകച്ചാൽ

അക്കാദമിക മാസ്റ്റർ പ്ലാൻ

2025 – 2026

# നന്മ

# ഉള്ളടക്കം


- ആമുഖം
- പൊതുലക്ഷ്യങ്ങൾ
- വിഷയാധിഷ്ഠിത പ്രവർത്തനങ്ങൾ
- മലയാളം-മുഖ്യലക്ഷ്യങ്ങൾ
- ഇംഗ്ലീഷ് - മുഖ്യലക്ഷ്യങ്ങൾ
- പ്രവർത്തനങ്ങൾ
- ഗണിതം ലക്ഷ്യങ്ങൾ
- പ്രവർത്തനങ്ങൾ
- പരിസര പഠനം
- പ്രവർത്തനങ്ങൾ
- ശുചിത്വം
- പച്ചക്കറിത്തോട്ടം
- ജൈവവൈവിധ്യ പാർക്ക്
- ടാലന്റ് ലാബ്
- ശലഭോദ്യാനം
- വിലയിരുത്തൽ
- ആവശ്യം വേണ്ട ഭൗതീക സൗകര്യങ്ങൾ
- ഉപസംഹാരം

## ആമുഖം

കോട്ടയം ജില്ലയിൽ കറുകച്ചാൽ പ്രദേശത്തെ ആദ്യകാല സ്കൂളാണ് 1950 നവംബർ 1 ന് സ്ഥാപിതമായ ഗവ. വെൽഫയർ എൽ.പി.സ്കൂൾ. സ്കൂൾ ആരംഭിക്കുമ്പോൾ ഹരിജൻ വെൽഫയർ എൽ.പി.സ്കൂൾ എന്നാണ് അറിയപ്പെട്ടിരുന്നത്. ഈ പ്രദേശത്തെ എല്ലാ കുട്ടികളും 1980 വരെ ഈ സ്കൂളിൽ നിന്നുമാണ് പ്രാഥമീക വിദ്യാഭ്യാസ നേടിയിരുന്നത്. അവരിൽ ചിലർ സാമൂഹിക, രാഷ്ട്രീയ, ഔദ്യോഗിക രംഗങ്ങളിൽ നേതൃത്വം വഹിക്കുന്നവരാണ്. പഴയ തലമുറയുടെ സ്വപ്ന സാക്ഷാത്ക്കാരവും പുത്തൻ തലമുറയുടെ പ്രതീക്ഷാ കിരണവുമായി മാറിക്കൊണ്ടിരിക്കുന്നു ഈ വിദ്യാലയം.

കഴിഞ്ഞ അധ്യയനവർഷം ഏറ്റെടുത്ത എല്ലാ പ്രവർത്തനങ്ങളും സമയ ബന്ധിതമായി ലക്ഷ്യപ്രാപ്തിയിലെത്തിക്കുവാൻ പരമാവധി സാധിച്ചു. പഠന പാഠ്യേതര പ്രവർത്തനങ്ങളിലും മികവ് തെളിയിച്ചു. ഓരോ ക്ലാസിലും ഓരോ കുട്ടിയും നേടിയെടുക്കേണ്ട പഠന നേട്ടങ്ങൾ കൈവരിക്കുവാൻ വേണ്ട പഠന പ്രവർത്തനങ്ങളും പഠന പിന്തുണയും നൽകി. സാമൂഹ്യ പങ്കാളിത്തത്തോടെ കുട്ടികളെ മികവുറ്റവരാക്കി തീർക്കുവാൻ കഴിഞ്ഞു. അതിനാൽ ഓരോ വർഷവും കുട്ടികളുടെ എണ്ണം കൂടിക്കൂടി വരുന്നുണ്ട്.

4 ക്ലാസ് മുറികളും 1 ഓഫീസ് മുറിയും അംഗനവാടിയും ആധുനിക സൗകര്യങ്ങൾ ഉള്ള കഞ്ഞിപ്പുരയും ആണ് സ്കൂളിന് ഉള്ളത്. എന്നാൽ കുട്ടികളുടെ എണ്ണത്തിനാനുപാതികമായി ടോയ്‌ലെറ്റ് സൗകര്യം ഉണ്ട്.

| ഓഫീസ് മുറി | അധ്യാപകർ | അനധ്യാപകർ | കുട്ടികൾ | ക്ലാസ് മുറി | ടോയ്‌ലറ്റ് |
|---|---|---|---|---|---|
| 1 | 4 | പി.റ്റി.സി.<br>എം-1<br>Noon feeding staff-1 | 17 | 4 | 3<br>മൂത്രപ്പുര<br>ആൺകുട്ടികൾ-1 |

## സ്കൂൾ നേരിടുന്ന പ്രധാന പ്രതിസന്ധികളും പരിമിതികളും

തികച്ചും ഗ്രാമീണാന്തരീക്ഷത്തിൽ 20 സെന്റ് സ്ഥലത്ത് പ്രവർത്തിക്കുന്ന ഈ സ്കൂളിന്റെ ഭൗതീക സാഹചര്യങ്ങളുടെ അപര്യാപ്തത ഏറെയാണ്.

- സ്കൂളിൽ എത്തിച്ചേരാനുള്ള റോഡിന്റെ ശോചനീയാവസ്ഥ.
- കമ്പ്യൂട്ടർ ക്ലാസ്മുറി, കംമ്പ്യൂട്ടർ, എന്നിവയില്ലാത്തത്.
- ആധുനിക സാങ്കേതിക സാധ്യതകൾ.
- പ്രയോജനപ്പെടുത്തി കുട്ടികൾക്ക് പഠനം നടത്തുവാൻ സാധിക്കുന്നില്ല.
- സ്പെഷ്യൽ ടീച്ചേഴ്സിന്റെ അഭാവം.
- ആധുനിക അടുക്കള, ഊണുമുറി, എന്നിവയില്ലാത്തത്.
- അസംബ്ലി ഹാൾ/കളിസ്ഥലം എന്നിവയുടെ സ്ഥപരിമിതി.
- ജൈവവൈവിധ്യപാർക്ക്, ശലഭോദ്യാനം എന്നിവ നിർമ്മിക്കുവാൻ കഴിയാത്തത്.
- സ്റ്റേജ് കർട്ടനുകൾ ഇല്ലാത്തത് സ്കൂൾ വാർഷികം സുഗമമായി നടത്തുന്നതിന് തടസ്സമാണ്.

## പൊതുലക്ഷ്യങ്ങൾ

- **സമഗ്ര ഗുണമേന്മാ പദ്ധതി സ്കൂളിൽ നടപ്പിലാക്കി മികവിന്റെ കേന്ദ്രങ്ങളാക്കും.**
- കാഴ്ചപ്പാട്

  ഈ സ്കൂളിൽ എത്തിച്ചേരുന്ന എല്ലാ കുട്ടികളെയും തുല്യരായ്കണ്ട് ഗുണമേന്മാ വിദ്യാഭ്യാസം ലഭ്യമാക്കാൻ പഠനാന്തരീക്ഷവും പഠന പരിസരവും മാറ്റിയെടുക്കും.
- രക്ഷിതാക്കളിൽ വിദ്യാഭ്യാസത്തിന്റെ പ്രാധാന്യത്തെക്കുറിച്ചും അവർ തങ്ങളുടെ കുട്ടിക്ക് നൽകേണ്ട പഠന പിന്തുണയെക്കുറിച്ചും അവബോധം സൃഷ്ടിക്കും.
- നാട്ടിൽ ലഭ്യമായ വൈദഗ്ധ്യത്തെ ഗുണമേന്മാ വിദ്യാഭ്യാസത്തിന് മുതൽകൂട്ടാക്കും.
- ആശയ സമ്പുഷ്ഠത, പാഠ്യേതര വിഷയങ്ങളിലെ വൈദഗ്ധ്യം, പരിസ്ഥിതിജ്ഞാനം, ഭാഷാജ്ഞാനം, ആശയ വിനിമയ നൈപുണി തുടങ്ങി കുട്ടികളുടെ സമഗ്ര വികാസം ലക്ഷ്യമാക്കിക്കൊണ്ടുള്ള പ്രവർത്തനങ്ങൾ ആസുത്രണം ചെയ്യും.
- കലാകായിക, പ്രവർത്തിപരിചയ, ആരോഗ്യ വിദ്യാഭ്യാസം നേടുന്നതിനുള്ള സാഹചര്യം ഒരുക്കും.

- മാനുഷീക മൂല്യങ്ങൾ വളർത്തിയെടുക്കാൻ വേണ്ട പിന്തുണ നൽകും.
- രസിച്ചു പഠിക്കാൻ അവസരം ഒരുക്കും.
- സംഘപഠനത്തിന് പ്രാധാന്യം നൽകും.
- ടാലന്റ് ലാബ് രൂപീകരിക്കും.
- സമയബന്ധിതമായി നിരന്തരവും സമഗ്രവുമായ മൂല്യനിർണയം നടത്തും.
- പരിസ്ഥിതി സൗഹൃദ വിദ്യാഭ്യാസം സാധ്യമാക്കുന്നതിന് സ്കൂൾ അന്ത രീക്ഷം സജ്ജമാക്കും.

  (ജൈവവൈവിധ്യ ഉദ്യാനം, ഔഷധത്തോട്ടം, ശലഭോദ്യാനം, അടുക്കളത്തോട്ടം)
- കൃത്യമായ സി.പി.റ്റി.എ, പി.റ്റി.എ, എസ്.എം. സി. എന്നിവ നടത്തും.
- മലയാളം, ഇംഗ്ലീഷ് ഭാഷകൾ സംസാരിക്കാനും, വായിക്കാനും, എഴുതാനും കുട്ടികളെ പ്രാപ്തരാക്കുന്ന പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യും.
- ഗ്രീൻ പ്രോട്ടോക്കോൾ (പ്ലാസ്റ്റിക്, മാലിന്യമുക്ത സ്കൂൾ പരിസരം) പ്രവർത്തനങ്ങൾ തുടരും.
- വ്യക്തി പരിസര ശുചിത്വത്തിന് പ്രാധാന്യം നൽകും. ഡ്രൈ ഡേ ആചരിക്കുന്നത് തുടരും.
- സ്കൂൾ അങ്കണവും വിശ്രമസ്ഥലവും ഇപ്പോഴുള്ളതിനേക്കാൾ കൂടുതൽ ആകർഷകവും ശിശുസൗഹൃദവുമാക്കും.
- സർഗച്ചുമർ പ്രായോഗികമാക്കാനുള്ള പദ്ധതി ആസൂത്രണം ചെയ്യും.
- വ്യായാമമുറകൾ അഭ്യസിപ്പിക്കും

| മേഖല-പച്ചക്കറിത്തോട്ടം | | | | | |
|---|---|---|---|---|---|
| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാല യളവ് | ചുമതല | സാമ്പത്തികം |
| 1. | പുതിയ തലമുറയ്ക്ക് കൃഷിയോടുള്ള അഭിരുചി വർദ്ധിപ്പിക്കുക. | സ്കൂൾ പച്ചക്കറിത്തോട്ടം നവീകരിക്കുന്നു. ഓരോ കുട്ടിയേയും ഓരോ തൈ നടാനും അത് സംരക്ഷിക്കാനും ചുമതലപ്പെടുത്തുന്നു. കൃഷിയുടെ ഘട്ടങ്ങൾ പരിചയപ്പെടുത്തുന്നു. പരമാവധി പ്രാദേശിക വിഭവങ്ങളെ സ്കൂളിലേയ്ക്ക് എത്തിക്കാനുള്ള അവസരം ഒരുക്കുന്നു. രക്ഷിതാക്കളുടെ സഹായം തേടുന്നു. ജൈവവളങ്ങൾ, ജൈവവളങ്ങളുടെ നിർമ്മാണം, ഉപയോഗം എന്നിവ പരിചയപ്പെടുത്തുന്നു. ഫുഡ് ഫെസ്റ്റ് നടത്തുന്നു. സമീകൃതാഹാരത്തിന്റെ ആവശ്യകത കുട്ടികളെ ബോധ്യപ്പെടുത്തുന്നു. ഒരേ തരം ഭക്ഷണം കഴിച്ചാലുണ്ടാകുന്ന ശാരീരിക പ്രശ്നങ്ങളെക്കുറിച്ച് കുട്ടികളെ ബോധവാന്മാരാക്കുന്നു. | ദീർഘ കാലം | പി.റ്റി.എ<br>അധ്യാപകർ<br>കുട്ടികൾ | കൃഷിഭവൻ<br>പി.റ്റി.എ<br>രക്ഷിതാക്കൾ |

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാല യളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 1. | ഔഷധ സസ്യങ്ങളെ തിരിച്ചറിയുന്നു. | നമ്മുടെ ചുറ്റുമുള്ള ഔഷധ സസ്യങ്ങളെ തിരിച്ചറിയാൻ സ്കൂൾ പരിസരത്ത് ഔഷധ ത്തോട്ടം നിർമ്മിക്കുന്നു. ഔഷധങ്ങളെ അക്ഷരമാലക്രമത്തിൽ ക്രമീകരിക്കുന്നു. ഉപയോഗങ്ങൾ എഴുതി പ്രദർശിപ്പിക്കുന്നു. "ഞാനും ഒരു വൈദ്യൻ" നാട്ടുവൈദ്യനെ സ്കൂളിൽ എത്തിച്ച് ക്ലാസുകൾ സംഘടിപ്പിക്കുന്നു. അപൂർവ്വ സസ്യങ്ങളെ വച്ചുപിടിപ്പിക്കുന്നു. | ദീർഘ കാലം | രക്ഷിതാക്കൾ<br>അധ്യാപകർ<br>കുട്ടികൾ | പിറ്റിഎ |

മേഖല

## ജൈവവൈവിധ്യ പാർക്ക് - ലക്ഷ്യങ്ങൾ

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 1. | സ്കൂൾ കാമ്പസിനെ ഒരു പാഠപുസ്തകമാക്കി വികസിപ്പിക്കുക | വിവിധ സസ്യങ്ങൾ വച്ചുപിടിപ്പിക്കുക. കുളം നിർമ്മിക്കുക. കൊതുകിനെ നശിപ്പിക്കുന്ന ഗപ്പി പോലുള്ള മത്സ്യങ്ങളെ വളർത്തുക. സസ്യങ്ങളുടെ പേരുകൾ, പ്രയോജനങ്ങൾ എന്നിവ എഴുതി പ്രദർശിപ്പിക്കുക ജൈവവേലി നിർമ്മാണം, ആവാസ വ്യവസ്ഥ, എന്നിവ കുട്ടികളെ പരിചയപ്പെടുക. | 6 മാസം<br>മധ്യ കാലം | രക്ഷിതാക്കൾ<br>അധ്യാപകർ | പഞ്ചായത്ത്, എസ്.എസ്.എ |
| 2. | ഈ ഭൂമി മനുഷ്യനു മാത്രമല്ല മറ്റു ജീവജാലങ്ങൾക്കും അവകാശപ്പെട്ടതാണെന്ന് ബോധ്യപ്പെടുത്തുക. | വിവിധതരം പക്ഷികളെയും ജീവജാലങ്ങളെയും ആകർഷിക്കുന്ന തരത്തിലുള്ള കുറ്റിച്ചെടികളും പൂച്ചെടികളും വച്ചു പിടിപ്പിക്കുക. ചെറിയ ഫല വൃക്ഷങ്ങൾ വച്ചു പിടിപ്പിക്കുക. ഒരു തുള്ളി വെള്ളം പക്ഷിക്കും. | 1 വർഷം | അധ്യാപകർ<br>പി.റ്റി.എ | പഞ്ചായത്ത്, എസ്.എസ്.എ |
| 3. | പ്രകൃതി സംരക്ഷണം എന്റെ കടമ. | സസ്യങ്ങളെ സംരക്ഷിക്കുക, മലിനീകരണം തടയുക, പ്ലാസ്റ്റിക് രഹിത വിദ്യാലയം. | 2 മാസം<br>ഹ്രസ്വം | പി.റ്റി.എ | |

## ഗ്രീൻ പ്രോട്ടോകോൾ

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാല യളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 1. | പ്ലാസ്റ്റിക് രഹിത വിദ്യാലയം | സ്കൂളിൽ പ്ലാസ്റ്റിക് ഉല്പന്നങ്ങൾ കൊണ്ടുവരുവാൻ അനുവദിക്കില്ല.<br>ആഘോഷ പരിപാടികൾ അതിഥികളെ സ്വീകരിക്കാൻ പൂച്ചെണ്ടുകൾ ഉപയോഗിക്കും. എന്നാൽ അവ പ്ലാസ്റ്റിക് കൊണ്ട് പൊതിയുകയില്ല. പ്ലാസ്റ്റിക്കിന്റെ ഉപയോഗം മൂലമുണ്ടാകുന്ന ദുഷ്യഫലങ്ങളെക്കുറിച്ച് രക്ഷിതാക്കളെ ബോധവാന്മാരാക്കൻ എല്ലാ കുട്ടികൾക്കും തുണിസഞ്ചി നൽകും. | ഹ്രസ്വ കാലം | രക്ഷിതാക്കൾ<br>കുട്ടികൾ | പി.റ്റി.എ |

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാല യളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 2. | വ്യക്തിശുചിത്വ ത്തിന് പ്രാധാന്യം നൽകുക. | വ്യക്തി ശുചിത്വം.<br>(വസ്ത്രം, നഖം, നാക്ക്, പല്ല്)പാലിക്കുന്നുണ്ടോ എന്ന് ഉറപ്പു വരുത്തും. ശുചിത്വ ചാർട്ട്, ശുചിത്വ ക്ലബ്, പോസ്റ്റർ നിർമ്മാണം (ശുചിത്വശീലങ്ങളെക്കുറിച്ചുള്ള പോസ്റ്റർ നിർമ്മിച്ച് സ്കൂൾ പരിസരത്ത് സ്ഥാപിക്കും.<br>ശുചിത്വ ക്ലാസ് സംഘടിപ്പിക്കും.<br>വെള്ളിയാഴ്ച ഡ്രൈ ദിവസം ആചരിക്കും.<br>ടോയ്ലറ്റ് വൃത്തിയായി സൂക്ഷിക്കും. ജല<br>ലഭ്യത ഉറപ്പാക്കും.<br>ക്വിസ് നടത്തും.<br>ബോർഡുകൾ സ്ഥാപിക്കും.<br>കുടിവെള്ളം<br>വ്യായാമ മുറകൾ അഭ്യസിപ്പിക്കുന്നതിന് പൂർവ്വ വിദ്യാർത്ഥികളുടെ സഹായം തേടും. | മധ്യ കാലം | അധ്യാപകർ<br>കുട്ടികൾ<br>പൂർവ്വ വിദ്യാർത്ഥികൾ. | പി.റ്റി.എ |

# ടാലന്റ് ലാബ്

ഓരോ ക്ലാസിലെയും കുട്ടികളുടെ കഴിവുകൾ ഏതെല്ലാം മേഖലകളിൽ ആണ് എന്ന് കണ്ടെത്തുന്നു. പട്ടികപ്പെടുത്തുന്നു. ഈ കുട്ടികൾക്കുവേണ്ട പ്രോത്സാഹനം അധ്യാപകർ, പൂർവ്വ വിദ്യാർത്ഥികൾ, വ്യക്തികൾ, സ്ഥാപനങ്ങൾ, സാമൂഹ്യ സംഘടനകൾ എന്നിവയിൽ നിന്ന് ലഭ്യമാക്കുന്നു. ഗിഫ്റ്റഡ് ചിൽഡ്രന് അർഹിക്കുന്ന പ്രാധാന്യം നൽകുന്നു.

## Format Talent Lab

| Name | Language M | Language E | Language H | Science | Maths | കലാപഠനം | നിർമ്മാണം | കായികം | മറ്റിനം |
|---|---|---|---|---|---|---|---|---|---|
| അനുപ്രിയ കെ.ജി. | | | | | | | | | |
| അൽഫിയ ഫ്രെമിൻ | | | | | | | | | |
| അശ്വിനി ശരത് | | | | | | | | | |
| മയൂണ എസ്.ആർ. | | | | | | | | | |
| ദിലുഗ്ന് എം. | | | | | | | | | |
| സഫറിൻ എ.ആർ. | | | | | | | | | |
| വൈഷ്ണവ് സി.വി. | | | | | | | | | |
| | | | | | | | | | |
| | | | | | | | | | |
| | | | | | | | | | |
| | | | | | | | | | |
| | | | | | | | | | |
| | | | | | | | | | |
| | | | | | | | | | |

## മേഖല- ശലഭോദ്യാനം

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 1. | ശലഭങ്ങളെ ആകർഷിക്കുന്നതിനു വേണ്ടി സ്കൂൾ പരിസരം സജ്ജമാക്കുന്നു. | ശലഭങ്ങളെ ആകർഷിക്കുന്ന വിവിധതരം ചെടികൾ വച്ചുപിടിപ്പിക്കുന്നു, നിരീക്ഷിക്കാൻ അവസരം നൽകുന്നു. ശലഭത്തിന്റെ ജീവിത ചക്രം നിരീക്ഷിക്കാൻ അവസരം കൊടുക്കുന്നു. | ദീർഘകാലം | അധ്യാപകർ<br>രക്ഷിതാക്കൾ<br>കുട്ടികൾ | |

# വിലയിരുത്തൽ

പഠനം എന്നത് കുട്ടികളിൽ സ്വാഭാവികമായും നിരന്തരമായും നടക്കുന്ന ഒരു പ്രക്രിയയാണ്.കുട്ടി നേടേണ്ട ശേഷികളെയും ധാരണയെയും സംബന്ധിച്ച് അധ്യാപകന് വ്യക്തമായ ധാരണ/അവബോധം ഉണ്ടായിരിക്കണം. ഇതിന് എല്ലാ കുട്ടികളെയും നിരന്തരമായ വിലയിരുത്തലിന് വിധേയമാക്കുകയും ഓരോ കുട്ടിയും നേടിയെടുക്കേണ്ട പഠനേട്ടങ്ങൾ കൈവരിച്ചിട്ടുണ്ടോ എന്നറിയാൻ യൂണിറ്റ് ടെസ്റ്റുകൾ നടത്തുകയും ചെയ്യുന്നു. അതോടൊപ്പം വിലയിരുത്തലിന് കുട്ടി സ്വയം തയ്യാറാകുന്നതിനുള്ള മാനസിക പിന്തുണയും ധൈര്യവും പകർന്നു നൽകുന്ന വിലയിരുത്തൽ രീതികൾ അവലംബിക്കുന്നു.

കുട്ടി സ്വയം വിലയിരുത്താനും പരസ്പരം വിലയിരുത്താനുമുള്ള അവസരം പാഠാസൂത്രണത്തിൽ ഒരുക്കിയിട്ടുണ്ട് എന്ന് ഉറപ്പുവരുത്തുകയും ക്ലാസിൽ അവസരം സൃഷ്ടിക്കുകയും ചെയ്യുന്നതിനോടൊപ്പം ഏറ്റെടുത്ത പ്രവർത്തനങ്ങൾ ഫലപ്രാപ്തിയിൽ എത്തിയിട്ടുണ്ടോ എന്ന് എച്ച്.എം, എസ്.ആർ.ജി, എസ്.എം.സി, പി.റ്റി.എ ഔദ്യോഗികതലത്തിലെ ഉദ്യോഗസ്ഥന്മാർ എന്നിവർ മോണിറ്ററിങ് നടത്തുന്നു. ദൈനംദിന പ്രവർത്തനങ്ങൾ എച്ച്.എം., അധ്യാപകർ എന്നിവർ വിലയിരുത്തുന്നു.

# ഉപസംഹാരം

അടുത്ത 5 വർഷം നടപ്പാക്കേണ്ട അക്കാദമികവും, ഭൗതികവുമായ പ്രവർത്തനങ്ങളെ മൂന്നു ഘട്ടങ്ങളിലായി തിരിച്ചു കൊണ്ടുള്ള പരിപാടികളാണ് ആസൂത്രണം ചെയ്തത്. പൊതു വിദ്യാലയങ്ങൾ **സമഗ്ര ഗുണമേന്മയുള്ള** കേന്ദ്രങ്ങളാക്കാനുള്ള സർക്കാർ പ്രവർത്തനങ്ങളോടൊപ്പം ഓരോ സ്കൂളും ഏറ്റെടുത്തു നടത്തേണ്ട കാര്യങ്ങൾ അധ്യാപക രക്ഷാകർത്തൃ പൊതുജന താല്പര്യത്തെ മുൻനിർത്തി ആസൂത്രണം ചെയ്യുകയുണ്ടായി. സ്കൂളിന്റെ പരിമിതികളെ മറികടക്കുവാൻ ജനപങ്കാളിത്തം ഉറപ്പുവരുത്തുകയും നൂതന സാങ്കേതിക വിദ്യകൾ സ്കൂളിൽ ലഭ്യമാക്കുവാൻ അധികാരികളുടെ ശ്രദ്ധയിൽപ്പെടുത്തുവാനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തു. പ്രദേശത്ത് ലഭ്യമായ എല്ലാ കുട്ടികളെയും സ്കൂളിലേയ്ക്ക് ആകർഷിക്കുവാൻ വേണ്ട മികവാർന്ന പ്രവർത്തനങ്ങളോടൊപ്പം ഭൗതിക സാഹചര്യങ്ങളുടെ മെച്ചപ്പെടുത്തലും, ആവശ്യമാണ്. ഇതിലേയ്ക്ക് അധികാരികൾ, രക്ഷിതാക്കൾ, പൂർവ്വ വിദ്യാർത്ഥികൾ, പൊതുജനം, പൂർവ്വഅധ്യാപകർ എന്നിവരുടെ സഹകരണം അഭ്യർത്ഥിക്കുന്നതോടൊപ്പം മാതൃകാപരമായ പ്രവർത്തനങ്ങൾക്ക് എല്ലാ പിന്തുണയും പ്രതീക്ഷിച്ചുകൊണ്ട് നിർത്തുന്നു.